**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1322** **07-02-2023 - ൽ മറുപടിയ്ക്ക്**

**മലബാർ മേഖലയിലെ ടൂറിസം വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ ,<br>ശ്രീ.പി. കെ. ബഷീർ ,<br>ശ്രീ . മഞ്ഞളാംകുഴി അലി ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മലബാർ മേഖലയിലെ ടൂറിസം വികസനത്തിനായി പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | മലബാർ മേഖലയിലെ ടൂറിസം വികസനത്തിനായി വിവിധ പദ്ധതികൾ വകുപ്പ് നടപ്പിലാക്കി വരുന്നു.<br>• മലബാറിനെ ടൂറിസം ഭൂപടത്തിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ ആസൂത്രിത വികസനത്തിനായി ഒരു പ്രത്യേക ഉദ്യോഗസ്ഥന് ചുമതല നൽകിയിട്ടുണ്ട്. KTIL MD ഡോ. മനോജ് കെ. യെ ഏകോപന ചുമതല ഏൽപ്പിച്ചു.<br>• സംസ്ഥാനത്തേക്കുള്ള ആഭ്യന്തര സഞ്ചാരികളുടെ വരവിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വൻ കുതിച്ചുചാട്ടം ഉണ്ടായി. വയനാട്, മലപ്പുറം ജില്ലകൾ ആഭ്യന്തര സഞ്ചാരികളുടെ എണ്ണത്തിൽ സർവ്വകാല റെക്കോർഡിൽ എത്തി. വയനാട്ടിലെ വർക്കേഷൻ സാധ്യതകൾ പ്രയോജനപ്പെടുത്താൻ പ്രത്യേക ക്യാമ്പയിൻ സംഘടിപ്പിച്ചു. ബേക്കലിൽ BRDC ക്ക് കീഴിൽ ഉള്ള പദ്ധതികൾ പുനരാരംഭിച്ചു. കാസർഗോഡ് ജില്ലയിൽ എയർ സ്ട്രിപ് സാധ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങളും പുരോഗമിക്കുന്നു. ചാമ്പ്യൻസ് ബോട്ട് ലീഗ് ഇതാദ്യമായി മലബാറിലേക്കും വ്യാപിപ്പിച്ചു. ചാലിയാറിൽ ചെറുവള്ളങ്ങളുടെ മത്സരം സംഘടിപ്പിച്ചു. ടൂറിസം വകുപ്പ് തയ്യാറാക്കിയ ലിറ്റററി സർക്യൂട്ടിൽ ബേപ്പൂർ മുതൽ തുഞ്ചാല വരെ സാഹിത്യ പ്രതിഭകളുടെ മണ്ണിലൂടെ ടൂറിസം സർക്യൂട്ട് വികസിപ്പിക്കാനുള്ള പദ്ധതി ആരംഭഘട്ടത്തിലാണ്. സ്പൈസസ് റൂട്ട്, പൈതൃക പദ്ധതികൾ പൊന്നാനി, |

| | | | |
|---|---|---|---|
| | | | ബേപ്പൂർ എന്നിവിടങ്ങളിലേക്ക് വ്യാപിപ്പിക്കാൻ ആലോചിക്കുന്നുണ്ട്. ജലടൂറിസത്തിന്റെ സാധ്യതകൾ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ സംഘടിപ്പിച്ച ബേപ്പൂർ ഇന്റർനാഷണൽ വാട്ടർഫെസ്റ്റ് ലോകശ്രദ്ധ ആകർഷിച്ചു. ബേക്കൽ ബീച്ച് ഫെസ്റ്റിവലും പ്രധാന ടൂറിസം ആകർഷണമായി മാറി. ജലസാഹസിക ടൂറിസത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തുന്ന മലബാർ റിവർ ഫെസ്റ്റ് പുനരാരംഭിച്ചു. അന്തർദ്ദേശീയ കയാക്കിംഗ് താരങ്ങളാണ് ഫെസ്റ്റിൽ പങ്കെടുത്തത്.<br><br>ഇതു കൂടാതെ താഴെ പറയുന്ന പ്രവൃത്തികൾ പുരോഗമിക്കുന്നുണ്ട്.<br><br>1. മലനാട് - മലബാർ റിവർ ക്രൂയിസ് പദ്ധതി<br>2. ബാല്യശ്ശേരി ഹെറിറ്റേജ് പദ്ധതി<br>3. ധർമ്മടം – മുഴപ്പിലങ്ങാട് ബീച്ചുകളുടെ സമഗ്ര വികസനം<br>4. മലബാർ ലിറ്ററി സർക്യൂട്ട്<br>5. ബേപ്പൂരിന്റെ ബീച്ച് ടൂറിസം വികസനത്തിനായുള്ള ബേപ്പൂർ & ബിയോണ്ട് ടൂറിസം പദ്ധതി<br>6. വൈക്കം മുഹമ്മദ് ബഷീർ സ്മാരകം, ബേപ്പൂർ<br>7. പഴശ്ശി-പടിയൂർ എക്കോ ടൂറിസം പദ്ധതി<br>8. കണ്ണൂർ നാറാത്ത് പഞ്ചായത്തിലെ പുല്ലൂപ്പി ടൂറിസം പദ്ധതി<br>9. കണ്ണൂർ മയ്യിൽ പഞ്ചായത്തിലെ മുല്ലക്കൊടി ടൂറിസം പദ്ധതി |
| (ബി) | അന്താരാഷ്ട്ര ടൂറിസം മാപ്പിൽ മലബാർ മേഖല കൂടി ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ; | (ബി) | അന്താരാഷ്ട്ര ടൂറിസം മേഖലയിൽ മലബാർ മേഖലയെ ഉൾപ്പെടുത്തി വിവിധ പദ്ധതികൾ വിനോദസഞ്ചാര വകുപ്പ് നടപ്പാക്കി വരുന്നു. വിനോദസഞ്ചാര വകുപ്പിന്റെ വിവിധ മാർക്കറ്റിംഗ് ഉപാധികളിൽ മലബാർ മേഖലകളിലെ തനതായ കലാ സാംസ്കാരിക വൈവിധ്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കേരളത്തിന്റെ ആഘോഷങ്ങളും ഉത്സവങ്ങളും മലബാറിലേക്ക് വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി കാസർഗോഡ് ബേക്കൽ, ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജ്, ബേപ്പൂർ തുടങ്ങിയ സ്ഥലങ്ങൾ പുതുവത്സരവുമായി ബന്ധപ്പെട്ട് വമ്പിച്ച സാംസ്കാരിക പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. നിലവിൽ ബേക്കൽ ഫോർട്ട്, കണ്ണൂർ ഫോർട്ട് തുടങ്ങിയ ചരിത്രസ്മാരകങ്ങൾ അന്താരാഷ്ട്ര ടൂറിസം മേഖലയിൽ പ്രചാരം നേടിയിട്ടുണ്ട്. |
| | | | |

| | | | |
|---|---|---|---|
| (സി) | മലബാറിലെ വിവിധ ജലാശയങ്ങൾ കോർത്തിണക്കിക്കൊണ്ടുള്ള മലനാട് മലബാർ റിവർ ക്രൂയിസ് ടൂറിസം പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ? | (സി) | മലബാർ റിവർ ക്രൂയിസ് പദ്ധതിയിൽ സംസ്ഥാന സർക്കാർ ഫണ്ട് ഉപയോഗിച്ച് 58.06 കോടി രൂപയുടെയും കേന്ദ്ര സർക്കാർ ഫണ്ട് ഉപയോഗിച്ച് 80.37 കോടി രൂപയുടെയും വികസന പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്.<br><br>ഈ പദ്ധതിയുടെ നിർവ്വഹണ ഏജൻസികൾ ഇൻലാന്റ് നാവിഗേഷൻ ഡിപ്പാർട്ട്മെന്റും കേരള ഇലക്ട്രിക്കൽ ആന്റ് അലൈയ്ഡ് ലി. (കെൽ) ഉം ആണ്.<br><br>സംസ്ഥാന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ 17 പദ്ധതികളിൽ 14 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം Iആയി ചേർത്തിരിക്കുന്നു.<br><br>കേന്ദ്ര ഫണ്ട് (സ്വദേശ് ദർശൻ) ഉപയോഗിച്ച് ഇൻലാൻറ് നാവിഗേഷൻ വകുപ്പ് മുഖേന നടപ്പിലാക്കിയ 27 പ്രവൃത്തികളിൽ 12 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ആയത് സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു.<br><br>M/s. KEL മുഖാന്തിരം നടപ്പിലാക്കിയ 20 പ്രവൃത്തികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം III ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം l

## സംസ്ഥാന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികളുടെ പുരോഗതി

| ക്രമ. നം. | പൂർത്തീകരിച്ചവ | പൂർത്തീകരിക്കാത്തവ |
|---|---|---|
| 1 | പഴയങ്ങാടി ബോട്ട് ടെർമിനൽ | ധർമ്മടം ബോട്ട് ടെർമിനൽ (98% പൂർത്തീകരിച്ചു) |
| 2 | പറശ്ശനിക്കടവ് ബോട്ട് ടെർമിനൽ | പാറപ്രം ബോട്ട് ടെർമിനൽ 93% പ്രവൃത്തി പൂർത്തീകരിച്ചു. |
| 3 | മോന്താൽ ബോട്ട് ജെട്ടി | കരിയാട് ബോട്ട് ടെർമിനൽ 98% പ്രവൃത്തി പൂർത്തീകരിച്ചു. |
| 4 | ന്യൂ മാഹി ബോട്ട് ടെർമിനൽ | |
| 5 | മാവിലക്കടപ്പുറം ബോട്ട് ജെട്ടി | |
| 6 | മാടക്കൽ ബോട്ട് ടെർമിനൽ | |
| 7 | കവ്വായി കാലികടപ്പുറം ബോട്ട് ടെർമിനൽ | |
| 8 | പെരിങ്ങത്തൂർ ബോട്ട് ജെട്ടി | |
| 9 | ചേരിക്കൽ ബോട്ട് ടെർമിനൽ | |
| 10 | മമ്പറം ബോട്ട് ജെട്ടി | |
| 11 | പാത്തിക്കൽ ബോട്ട് ജെട്ടി | |
| 12 | കക്കടവ് ബോട്ട് ജെട്ടി കം വാക്ക് വേ | |
| 13 | പുന്നക്കടവ് ബോട്ട് ജെട്ടി | |
| 14 | ഹൗസ് ബോട്ട് ടെർമിനൽ അറ്റ് കോട്ടപ്പുറം | |

സെക്ഷൻ ഓഫീസർ

## അനുബന്ധം II

## കേന്ദ്ര ഫണ്ട് (സ്വദേശ് ദർശൻ) ഉപയോഗിച്ച് ഇൻലാന്റ് നാവിഗേഷൻ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പ്രവൃത്തികൾ

| ക്രമ. നം. | പൂർത്തീകരിച്ചവ | പൂർത്തീകരിക്കാത്തവ |
|---|---|---|
| 1 | അഴീക്കൽ ബോട്ട് പാലം ബോട്ട് ജെട്ടി | മൈനർ ബോട്ട് ടെർമിനൽ മടക്കര - 65% പ്രവൃത്തി പൂർത്തീകരിച്ചു. |
| 2 | മുനമ്പുകടവ് ബോട്ട് ജെട്ടി (Type I) | അഴീക്കൽ ഫെറി ബോട്ട് ജെട്ടി - പ്രവൃത്തി ആരംഭിച്ചിട്ടില്ല. ആക്സസ് ബ്രിഡ്ജ് നിർമ്മാണം ഇൻലാൻഡ് നാവിഗേഷൻ നടപ്പിലാക്കേണ്ടതുണ്ട്. ഈ പ്രവൃത്തി നടപ്പിലാക്കിയാൽ മാത്രമേ ബോട്ട് ജെട്ടിയുടെ നിർമ്മാണം ആരംഭിക്കാൻ കഴിയൂ. |
| 3 | മുനമ്പുകടവ് ബോട്ട് ജെട്ടി (Type II) | പാമ്പുരുത്തി ബോട്ട് ജെട്ടി (Type I) – 50% പ്രവൃത്തി പൂർത്തീകരിച്ചു. |
| 4 | പട്ടുവം മേജർ ബോട്ട് ടെർമിനൽ | പാമ്പുരുത്തി ബോട്ട് ജെട്ടി (Type II) – 50% പ്രവൃത്തി പൂർത്തീകരിച്ചു. |
| 5 | കുപ്പം മേജർ ബോട്ട് ടെർമിനൽ | നാറാത്ത് ബോട്ട് ജെട്ടി – 78% പ്രവൃത്തി പൂർത്തീകരിച്ചു. |
| 6 | വളപട്ടണം മേജർ ബോട്ട് ടെർമിനൽ | പാപ്പിനിശ്ശേരി ബോട്ട് ജെട്ടി - 90% പ്രവൃത്തി പൂർത്തീകരിച്ചു. |
| 7 | മുതുകുട ബോട്ട് ജെട്ടി | പാപ്പിനിശ്ശേരി പാറക്കൽ ബോട്ട് ജെട്ടി - 90% പ്രവൃത്തി പൂർത്തീകരിച്ചു. |
| 8 | തെക്കുമ്പാട് മേജർ ബോട്ട് ടെർമിനൽ | കാട്ടാമ്പള്ളിക്കടവ് ബോട്ട് ജെട്ടി – പാറയായതിനാൽ പൈലിങ് വർക്കുകൾ ആരംഭിക്കാൻ സാധിച്ചിട്ടില്ലെന്നും ഫൗണ്ടേഷൻ റീ-ഡിസൈനിങ് നടത്തുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നതായും ഇൻലാൻഡ് നാവിഗേഷൻ അറിയിച്ചു. |
| 9 | മൈനർ ബോട്ട് ടെർമിനൽ മാട്ടൂൽ നോർത്ത് | താവം ബോട്ട് ജെട്ടി -97% പ്രവൃത്തി പൂർത്തീകരിച്ചു. |
| 10 | മൈനർ ബോട്ട് ടെർമിനൽ വാടിക്കൽ | മൈനർ ബോട്ട് ടെർമിനൽ മാട്ടൂൽ സൗത്ത് – 92% പ്രവൃത്തി പൂർത്തീകരിച്ചു. |

| | | |
|---|---|---|
| 11 | മൈനർ ബോട്ട് ടെർമിനൽ ചെറുകുന്ന് | മൈനർ ബോട്ട് ടെർമിനൽ മുട്ടിൽ – 80% പ്രവൃത്തി പൂർത്തീകരിച്ചു. |
| 12 | | എ. കെ. ജി ഐലന്റ് ബോട്ട് ജെട്ടി (Type A) – ആരംഭിച്ചിട്ടില്ല. |
| 13 | | എ. കെ. ജി ഐലന്റ് ബോട്ട് ജെട്ടി (Type C) – ആരംഭിച്ചിട്ടില്ല. |
| 14 | | സി എച്ച് ഐലന്റ് ബോട്ട് ജെട്ടി (2 Nos) – ആരംഭിച്ചിട്ടില്ല. |
| 15 | | കൊളച്ചേരി ഐലന്റ് ബോട്ട് ജെട്ടി (2 Nos) – ആരംഭിച്ചിട്ടില്ല. |
| 16 | | ഭഗത് സിങ് ഐലന്റ് ബോട്ട് ജെട്ടി (2 Nos) – ആരംഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

## അനുബന്ധം III

## M/s. KEL മുഖാന്തിരം ചെയ്യുന്ന പ്രവർത്തികളുടെ പുരോഗതി

| ക്രമ. നം. | പ്രവൃത്തി | നിലവിലെ സ്ഥിതി |
|---|---|---|
| 1 | ബോട്ട് റൈസ് ഗാലറി | പഴയങ്ങാടി 70% പൂർത്തീകരിച്ചു.<br>മുത്തുക്കുട- 40% പൂർത്തീകരിച്ചു. |
| 2 | പേൾ സ്പോട്ട് ഫ്ളോട്ടിംഗ് റെസ്റ്റോറൻറ് | 70% പൂർത്തീകരിച്ചു. |
| 3 | കൺസ്ട്രക്ഷൻ ഓഫ് ഏറുമാടം | കുപ്പം, ഏഴം, പട്ടുവം, മുത്തുക്കുട - ടെണ്ടർ പൂർത്തീകരിച്ചു. |
| 4 | കൺസ്ട്രക്ഷൻ ഓഫ് ഫുഡ് കോർട്ട് (കോട്ടയ്ക്കൽ കടവ്) | ടെണ്ടർ പൂർത്തീകരിച്ചു. |
| 5 | പ്രൊവൈഡിംഗ് പക്ഷിതുരുത്ത് ഇൻ റിവർ | ടെണ്ടർ പൂർത്തീകരിച്ചു. |
| 6 | കൺസ്ട്രക്ഷൻ ഓഫ് ബയോ ടോയ് ലെറ്റ് & സെപ്റ്റിക് ടാങ്ക് (കുപ്പം) | 50% പൂർത്തീകരിച്ചു. |
| 7 | കുപ്പം - പട്ടുവം - കൺസ്ട്രക്ഷൻ ഓഫ് നാച്ചറൽ റഫ് പേവിംഗ് സ്റ്റോൺ പേവിഡ് പാർക്കിംഗ് യാർഡ് 10000 സ്വ.ഫീറ്റ് | 50% പൂർത്തീകരിച്ചു. |
| 8 | പ്രൊവൈഡിംഗ് സോളാർ ലാംബ് | ടെണ്ടർ പൂർത്തീകരിച്ചു. |
| 9 | കൺസ്ട്രക്ഷൻ ഓഫ് ആർട്ടിസാൻസ് ആല - ടൈപ്പ് 1 & 2 പാപ്പിനിശ്ശേരി, പഴയങ്ങാടി, വളപ്പട്ടണം | ടെണ്ടർ പൂർത്തീകരിച്ചു. |
| 10 | പഴയങ്ങടി - കൺസ്ട്രക്ഷൻ ഓഫ് ബയോ ടോയ്ലെറ്റ് & സെപ്റ്റിക് ടാങ്ക് | ടെണ്ടർ പൂർത്തീകരിച്ചു. |
| 11 | കൺസ്ട്രക്ഷൻ ഓപ് ഓപ്പൺ എയർ തീയറ്റർ, വാടിക്കൽ | ടെണ്ടർ പൂർത്തീകരിച്ചു. |
| 12 | വളപ്പട്ടണം - കൺസ്ട്രക്ഷൻ ഓഫ് നാച്ചറൽ റഫ് പേവിംഗ് സ്റ്റോൺ 10000 സ്വ.ഫീറ്റ് | ടെണ്ടർ പൂർത്തീകരിച്ചു. |

| | | |
|---|---|---|
| 13 | പ്രൊവൈഡിംഗ് സോളാർ ലാമ്പ് | ടെണ്ടർ പൂർത്തീകരിച്ചു. |
| 14 | തെക്കുംപാട് | • കൺസ്ട്രക്ഷൻ ഓഫ് ഓപ്പൺ എയർ തീയറ്റർ – 25% പൂർത്തീകരിച്ചു.<br>• കൺസ്ട്രക്ഷൻ ഓഫ് ഹാന്റി ക്രാഫ്റ്റ് കിയോസ്ക്ക് – ടെണ്ടർ പൂർത്തീകരിച്ചു.<br>• കൺസ്ട്രക്ഷൻ ഓഫ് ആംഗ്ലിംഗ് യാർഡ് – ടെണ്ടർ പൂർത്തീകരിച്ചു.<br>• ആർട്ടിസാൻസ് ആല – ടൈപ്പ് 1 & 2 – ടെണ്ടർ പൂർത്തീകരിച്ചു.<br>• കൺസ്ട്രക്ഷൻ ഓഫ് നാചറൽ റഫ് പേവിംഗ് സ്റ്റോൺ പേവിഡ് പാർക്കിംഗ് യാർഡ് 5000 സ്വ.ഫീറ്റ് – 20% പൂർത്തീകരിച്ചു.<br>• പ്രൊവൈഡിംഗ് സോളാർ ലാമ്പ്, – ടെണ്ടർ പൂർത്തീകരിച്ചു.<br>• കൺസ്ട്രക്ഷൻ നാചർ റഫ് സ്റ്റോൺ പേവ്ഡ് – 20% പൂർത്തീകരിച്ചു.<br>• കൺസ്ട്രക്ഷൻ ഓഫ് ബയോ ടോയ്ലെറ്റ് & സെപ്റ്റിംക് ടാങ്ക് – 10% പൂർത്തീകരിച്ചു.<br>• കൺസ്ട്രക്ഷൻ പ്ലാസ്റ്റിക് കളക്ഷൻ പോയിൻറ്, വേസ്റ്റ്ബിൻ – ടെണ്ടർ പൂർത്തീകരിച്ചു. |
| 15 | ഹ്വാക്കേഴ്സ് കോർട്ട് ഫ്ളോട്ടിംഗ് ഒപ്പൺ മേക്കർ അറ്റ് പറശ്ശിനിക്കടവ് | 50% പൂർത്തീകരിച്ചു. |
| 16 | വെനീസ് ഫ്ളോട്ടിങ് മാർക്കറ്റ് അറ്റ് പറശ്ശിനിക്കടവ്, വളപ്പട്ടണം | 50% പൂർത്തീകരിച്ചു. |
| 17 | കൺസ്ട്രക്ഷൻ ഓഫ് നാചറൽ റഫ് പേവിംഗ് സ്റ്റോൺ പേവിഡ് പാർക്കിംഗ് യാർഡ് 5000 സ്വ.ഫീറ്റ് അറ്റ് പറശ്ശിനിക്കടവ് | ടെണ്ടർ പൂർത്തീകരിച്ചു. |
| 18 | കൺസ്ട്രക്ഷൻ ഓഫ് ആർട്ടിസൻ ആല ടൈപ്പ് 1&2 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 19 | കൺസ്ട്രക്ഷൻ ഓഫ് മലബാറി ഫുഡ് കോർട്ട് | കൺസ്ട്രക്ഷൻ ഓഫ് നാചറൽ റഫ് പേവിംഗ് സ്റ്റോൺ പേവിഡ് ഫുഡ് പാത് ഓഫ് 200 മീറ്റർ, |

| | | |
|---|---|---|
| | | പ്രൊവൈഡിംഗ് റഫ് ഗ്രാനൈറ്റ് ഗാർഡൻ ബെഞ്ചസ്, പ്രൊവൈഡിംഗ് സോളാർ ലാമ്പ്, കൺസ്ട്രക്ഷൻ ഓഫ് ഓർഗാനിക് ഗസീബോ, കൺസ്ട്രക്ഷൻ ഓഫ് ടോയ് ലെറ്റ് ബ്ലോക്ക്, കൺസ്ട്രക്ഷൻ ഓഫ് റയിൻ വാട്ടർ പിറ്റ്സ്, കൺസ്ട്രക്ഷൻ ഓഫ് റിവേഴ്സ് ഓസ്മോസിസ് പ്ലാൻറ് വിത്ത് വെൽ, കൺസ്ട്രക്ഷൻ ഓഫ് ടോയ് ലെറ്റ് ബ്ലോക്ക് & സെപ്റ്റിക് ടാങ്ക്, കൺസ്ട്രക്ഷൻ ഓഫ് പ്ലാസ്റ്റിക് കളക്ഷൻ പോയിൻറ്, വേസ്റ്റ് ബിൻ എന്നീ പ്രവർത്തികൾ 100% പൂർത്തീകരിച്ചു. |
| 20 | ആംഗ്ലിംഗ് യാർഡ് | 70% പൂർത്തീകരിച്ചു. |

സെക്ഷൻ ഓഫീസർ